# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# ദൈവം അബ്രഹാമിന്റെ സ്നേഹത്തെ പരിശോധിക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus
Alastair P.
അംഗികരിച്ചത് : M. Maillot; Tammy S.

തര്‍ജ്ജിമ ചെയുതത് : Rev. Benny

നിര്‍മ്മിച്ചത് : Bible for Children
www.M1914.org

©2020 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വില്‍ക്കരുത്.


ഒരു രാത്രിയിൽ
വളരെ
അസാധാരണമായി
ഒരു ഉത്തരവ് ദൈവം
അബ്രഹാമിനു നൽകി.


അബ്രഹാം
ദൈവത്തെ
സ്നേഹിക്കുന്നതിനെക്കാൾ
അധികം തന്റെ മകൻ
യിസ്ഹാക്കിനെ ...


...
സ്നേഹിക്കുന്നുവോ
എന്ന് അറിയാനുള്ള
ഒരു പരീക്ഷയായിരുന്നു
അത്.


“നിന്റെ പുത്രനായ യിസഹാക്കിനെ കൊ
ുപോയി അവനെ ദഹനയാഗം കഴിക്കുക”,
ദൈവം കല്പിച്ചു.
യിസ്ഹാക്കിനെ
കൊടുക്കാനോ?
തന്റെ
പുത്രനെ
യാഗം
കഴിക്കാനോ?

അബ്രഹാമിന് അതു വളരെ പ്രയാസമായി തോന്നി. അദ്ദേഹം തന്റെ മകനെ വളരെയധികം സ്നേഹിച്ചിരുന്നു.



തനിക്ക് ഒന്നും മനസ്സിലാകുന്നില്ലെങ്കിലും
ദൈവത്തിൽ
ആശ്രയിക്കുവാൻ
അബ്രഹാം പഠിച്ചിരുന്നു.



അതിരാവിലെ അബ്രഹാം തന്റെ
മകൻ യിസ്ഹാക്കിനെയും ര്
ബാല്യക്കാരെയും കൂട്ടിക്കൊ്
യാഗം കഴിക്കേ
മലയിലേക്കു
പോയി.



പോകുന്നതിനുമുമ്പ് ദഹനയാഗത്തിന് തീ കത്തിക്കേ തിനാവശ്യമായ വിറകും അബ്രഹാം കീറിവെച്ചിരുന്നു.



ദൈവത്തെ
അനുസരിക്കാൻ
അദ്ദേഹം
തീരുമാനിച്ചു.





മൂന്നുദിവസത്തെ
യാത്രയ്ക്കുശേഷം അവർ
മലയുടെ അടുത്തെത്തി.
“ഞങ്ങൾ പോയി
ആരാധന
കഴിച്ചിട്ടു
മടങ്ങിവരാം,”
...



... അബ്രഹാം ബാല്യക്കാരോടു പറഞ്ഞു. യിസ്ഹാക്ക് വിറകും, അബ്രഹാം തീയും

കത്തിയും എടുത്തുകൊു മുബോട്ടു നടന്നു.


“ദഹനയാഗത്തിനുള്ള ആട് എവിടെ?” യിസ്ഹാക്ക് ചോദിച്ചു. അബ്രഹാം മറുപടി പറഞ്ഞത് ...


… “ദൈവം തന്നെ
ഒരു ആടിനെ
കരുതിക്കൊള്ളും”
എന്നാണ്.



യാഗത്തിനുവേി ദൈവം
തിരഞ്ഞെടുത്ത ശരിയായ
സ്ഥലത്ത് അവർ എത്തി.
അവിടെ അബ്രഹാം
യാഗപീഠം പണിതു.



ദൈവസന്നിധിയിൽ യാഗം കഴിക്കേ
തിനു വിറകും അടുക്കിവെച്ചു.
ഇതിനു മുമ്പ് അബ്രഹാം പല
പ്രാവശ്യം യാഗപീഠം
പണിതിട്ടു്.



എന്നാൽ നിശ്ചയമായും ഏറ്റവും
പ്രയാസംനിറഞ്ഞ ഒരു
യാഗപീഠമായിരുന്നു
ഇത്.

അബ്രഹാം യിസ്ഹാക്കിനെ
കെട്ടിയിട്ട്, തന്റെ പ്രിയപ്പെട്ട
മകനെ യാഗപീഠത്തിന്മേൽ
കിടത്തി.




അബ്രഹാം
യഥാർത്ഥമായും ദൈവത്തെ
അനുസരിച്ചുകൊ് തന്റെ
മകനെ യാഗം കഴിക്കുവാൻ
പോവുകയാണോ,
അതും
തന്റെ ഒരേ
ഒരു മകനെ?



അതേ,
അബ്രഹാം
മേല്പോട്ട്
ഉയർത്തിയ
കത്തിയുടെ മുന
വെട്ടിത്തിളങ്ങുന്നു.



അദ്ദേഹത്തിന്റെ
ഹൃദയം
തകരുകയായിരുന്നിരിക്കണം.



എന്നാൽ
അപ്പോഴും
അബ്രഹാം
അറിഞ്ഞിരുന്നത്
ദൈവത്തെ
അനുസരിക്കണമെന്നു
മാത്രം ആയിരുന്നു.


“നിർത്തുക!” ദൈവദൂതൻ ഉറക്കെ പ്രഖ്യാപിച്ചു. “നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് ഇപ്പോൾ ഞാൻ അറിയുന്നു.

നിന്റെ
ഏകമകനെ
തരുവാൻ നീ
മടിക്കാതിരുന്നു.”





കാട്ടിൽ ഒരു കോലാട്ടിനെ
ക അബ്രഹാം തന്റെ മകൻ
യിസ്ഹാക്കിന്റെ
കെട്ടുകളെ ...



... അഴിച്ചുമാറ്റിയിട്ട്
അവനു പകരം
കോലാട്ടിനെ
യാഗം കഴിച്ചു.


യിസ്ഹാക്ക് ചിന്തിച്ചു,
“എന്റെ പിതാവ്
പറഞ്ഞതുപോലെ
ദൈവം കരുതിയതാണ്.”

ആ പിതാവും മകനും ആരാധിച്ചുകൊു
നിൽക്കുമ്പോൾ ദൈവദൂതൻ
അബ്രഹാമിനോടു സംസാരിച്ചു:
“നീ അനുസരിക്കകൊ്
നിന്റെ സന്തതിയാൽ ...



... സകല ജാതികളും അനുഗ്രഹിക്കപ്പെടും.”
ഒരു ദിവസം അബ്രഹാമിന്റെ
സന്തതിയിൽനിന്നു
യേശുക്രിസ്തു ജനിക്കും.



അബ്രഹാമും യിസ്ഹാക്കും വീട്ടിലേക്ക് മടങ്ങിവന്നു. ചില നാളുകൾ കഴിഞ്ഞപ്പോൾ ഒരു ദുഃഖവാർത്തയുണ്ടായി. സാറ മരിച്ചു.



അബ്രഹാമിന് തന്റെ ഭാര്യ നഷ്ടപ്പെട്ടു.
യിസ്ഹാക്കിന് തന്റെ അമ്മ നഷ്ടപ്പെട്ടു.



ശവസംസ്കാരത്തിനുശേഷം,
തന്റെ മകൻ
യിസ്ഹാക്കിന് ഒരു ഭാര്യയെ
കെത്തതിനുവേി അബ്രഹാം തന്റെ ...



... ബാല്യക്കാരിൽ
പ്രധാനിയെ അയച്ചു.
ആ ബാല്യക്കാരൻ
പോയത് അബ്രഹാമിന്റെ ...



... മാതൃരാജ്യത്ത് അദ്ദേഹത്തിന്റെ ബന്ധുക്കളിൽനിന്ന് യിസ്ഹാക്കിന് ഒരു ഭാര്യയെ കണ്ടെത്തേണ്ടതിനുവേണ്ടിയാണ്.



ആ ബാല്യക്കാരൻ ദൈവത്തോട് ഒരു അടയാളം ചോദിച്ചു. എന്റെ ഒട്ടകങ്ങൾക്ക് വെള്ളം കുടിപ്പാൻ കൊടുക്കുന്ന പെൺകുട്ടിയായിരിക്കട്ടെ ...



... യിസ്ഹാക്കിനുവേിയുള്ള
യഥാർഥ പെൺകുട്ടി. പെട്ടെന്ന് റിബേക്ക
അവർക്ക് വെള്ളം കൊടുക്കുവാൻ
തയ്യാറായി.



അവൾ അബ്രഹാമിന്റെ ബന്ധുക്കളിൽ ഒരാൾ ആയിരുന്നു. ദൈവം തന്റെ പ്രാർത്ഥന കേട്ടു എന്ന് ബാല്യക്കാരൻ തിരിച്ചറിഞ്ഞു.



യിസ്ഹാക്കിനെ വിവാഹം കഴിക്കുവാൻ വേി റിബേക്ക തന്റെ ഭവനം വിട്ടുപോയി.



തന്റെ അമ്മയുടെ മരണത്തിൽ
ദുഃഖിതനായിരുന്ന യിസ്ഹാക്കിനെ
അവൾ ആശ്വസിപ്പിച്ചു.



യിസ്ഹാക്ക് അവളെ എത്ര സ്നേഹിച്ചെന്നോ!



ദൈവം അബ്രഹാമിന്റെ
സ്നേഹത്തെ പരിശോധിക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉല്പത്തി 22-24

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16